# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 16

### കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധം 1 ആയി ചേർക്കുന്നു

യോഗം 6.30 മണിക്ക് ആരംഭിച്ചു

**ആരോഗ്യ വകുപ്പ് മന്ത്രി**

ആരോഗ്യ വകുപ്പ് മന്ത്രി ആമുഖത്തിൽ കേരളത്തിൽ മലപ്പുറത്ത് രണ്ടും കാസറഗോഡ് ഒരു പുതിയ കേസും റിപ്പോർട്ട് ചെയ്തതായി അറിയിച്ചു. ആരോഗ്യ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുവാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് ആരായുകയും ചെയ്തു.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**

- കോവിഡ് 19 നെ പ്രവർത്തനങ്ങളെ കുറിച്ച് ഒരു അവതരണം അദ്ദേഹം നടത്തുകയുണ്ടായി. 146 ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നുപിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന കോവിഡ്-19 രോഗത്തെ മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു. ലോകത്തിലും, ഭാരതത്തിലാകെയും കേരളത്തിലും രോഗം സ്ഥിരീകരിച്ചതും മരണം സംഭവിച്ചതുമായുള്ള ആളുകളുടെ എണ്ണം അദ്ദേഹം പറയുകയുണ്ടായി.
- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 12740 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 12470 പേർ വീടുകളിലും, 270 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.
- രോഗലക്ഷണങ്ങൾ ഉള്ള 2297 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.ഇതിൽ1693 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്.
- കേരളത്തിൽ ഇന്നലെ വരെ രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 24ആയിരുന്നു.
- ഇന്ന് മലപ്പുറം ജില്ലയിൽ രണ്ടു പേർക്കും കാസറഗോഡ് ജില്ലയിൽ ഒരാൾക്കും രോഗം സ്ഥിരീകരിച്ചു.
- തുടർന്ന് സംസ്ഥാനത്ത് ആകെ നിരീക്ഷണത്തിലുള്ളവരുടെയും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെയും ജില്ല തിരിച്ചുള്ളവരുടെ കണക്കു അദ്ദേഹം അവതരിപ്പിച്ചു. ഏതൊക്കെ ജില്ലകളിലാണ് കൂടുതൽ ആളുകൾ നിരീക്ഷണത്തിലുള്ളതെന്നും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. മാത്രമല്ല രോഗം സ്ഥിരീകരിച്ച ഓരോ വ്യക്തികളുടെയും പ്രാഥമിക ദ്വിതീയ തലത്തിൽ സമ്പർക്കം പുലർത്തിയവരുടെ എണ്ണവും അദ്ദേഹം പറഞ്ഞു.
- പത്തനംതിട്ട ജില്ലയിലെ പരിശോധന നടത്തിയവരുടെ അവലോകനം നടത്തിയതിൽ നിന്ന് ദ്വിതീയ തലത്തിൽ സമ്പർക്കം പുലർത്തിയവർക്കാർക്കും തന്നെ രോഗബാധ ഉണ്ടായിട്ടില്ല എന്നത് വീടുകളിൽ നിരീക്ഷണം തുടരണം എന്ന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശത്തോട് ജനങ്ങൾ സഹകരിക്കുന്നു എന്നതിന്റെ തെളിവാണ്.
- വയോജന ക്ഷേമത്തിനായി സന്നദ്ധ പ്രവർത്തകരുടെ പരിശീലനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ശിവശങ്കർ ഐ.എ.എസിന്റെ നിർദ്ദേശമനുസരിച്ച് റേഷൻ കാർഡിൽ ലഭ്യമായ വിവരങ്ങൾ ശേഖരിച്ചു അറുപതു വയസ്സ് കഴിഞ്ഞവരുടെ പട്ടിക തയ്യാറാക്കി വരുന്നു. വിവിധ തരത്തിലുള്ള സന്നദ്ധ പ്രവർത്തകരുടെ പട്ടിക അവതരിപ്പിച്ചു. സന്നദ്ധ പ്രവർത്തകരെ തിരഞ്ഞെടുക്കുമ്പോൾ അവർ സേവന സന്നദ്ധരാണോ എന്ന് ശ്രദ്ധിക്കണം എന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

- അവതരണത്തിനു ശേഷം യോഗത്തിൽ പങ്കെടുക്കുന്നവരോട് മുഖ്യമന്ത്രി അഭിപ്രായങ്ങൾ ആരാഞ്ഞു.

**പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം**

- രോഗ ലക്ഷണങ്ങൾ ഇല്ലാത്തവർ രോഗ സംക്രമണം നടത്തുന്നു എന്ന് അഭിപ്രായമുണ്ട്; പരിശോധന നടത്തണമെന്നു ആഗ്രഹമുള്ളവർക്ക് അത് നടത്താൻ ഇപ്പോൾ കഴിയുന്നില്ല.
- പരിശോധനാ സൗകര്യങ്ങൾ ഉള്ള ലബോറട്ടറികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടു. അതിനു വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും പറഞ്ഞു.
- രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിലും സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിലും പരിശോധനാ സൗകര്യം ഒരുക്കണമെന്ന് ആരോഗ്യ മന്ത്രാലയത്തോട് അഭ്യർഥിച്ചിട്ടുണ്ട്. അവരുടെ അനുമതി ലഭിട്ടില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. ഒരു പരിശോധനാ കേന്ദ്രം ആരംഭിക്കുവാൻ 45 ലക്ഷം രൂപ ആവശ്യമാണ് എന്ന് ആരോഗ്യ വകുപ്പ് മന്ത്രി അറിയിച്ചു.
- സ്വകാര്യ മേഖലയിൽ പരിശോധനാ സൗകര്യം ഒരുക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം ആവശ്യപ്പെട്ടു.
- എന്നാൽ മാരകമായ വൈറസ് ആയതിനാൽ അതിന്റെ ജനിതക ഘടനയും മറ്റും സ്വകാര്യ മേഖലയ്ക്ക് ലഭിക്കുന്നത് രാജ്യ സുരക്ഷയ്ക്ക് തന്നെ ഭീഷണിയാവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ തന്നെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അനുമതി അത്യാവശ്യമാണെന്നും ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

**സെക്രട്ടറി പബ്ലിക്ക് റിലേഷൻസ്**

- തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് അത്യാവശ്യ സാമഗ്രികളുടെ ഒരു കിറ്റ് നൽകി. ഇതിന് 1500 രൂപ വില വരും. ഇതിപ്പോൾ സൌജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്.
- തൃശ്ശൂർ ജില്ലയിൽ നിന്ന് 1500 കിറ്റുകളുടേയും പത്തനംതിട്ട ജില്ലയിൽ നിന്ന് 736 കിറ്റുകളുടേയും ആവശ്യമറിയിച്ചിട്ടുണ്ട്. വില കൂടിയ കിറ്റ് ആയതിനാൽ സൗജന്യമായി നൽകേണ്ടതുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

**പ്രിൻസിപ്പൽ സെക്രട്ടറി ടൂറിസം**

- ചെറിയ ഹോം സ്റ്റേകളിലും മറ്റും വിനോദ സഞ്ചാരികൾ 14 ദിവസം താമസിക്കാൻ കൂട്ടാക്കുന്നില്ല. ഇത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.
- അവരോട് കാര്യങ്ങൾ കൃത്യമായി പറഞ്ഞു മനസ്സിലാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. അതിനു പ്രത്യേക സംഘം പോകേണ്ടതുണ്ട്. പ്രത്യേക സംഘത്തെ നിയോഗിക്കാമെന്ന് ടൂറിസം സെക്രട്ടറി അറിയിച്ചു. ചില വിദേശികൾ തിരിച്ചു പോകാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. ചില ജില്ലകളിൽ ഹോട്ടലുകളിൽ താമസിക്കാൻ വിദേശികളെ അനുവദിക്കുന്നില്ല. അതിനാൽ അവർ മറ്റ് ജില്ലകളിൽ ഉള്ള ഹോട്ടലുകളിൽ കൂട്ടമായി എത്തുന്നു. ഇതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആയതിനാൽ ദുരന്ത നിവാരണ നിയമത്തിലെ ചട്ടങ്ങൾ ഉപയോഗിച്ച് കൊണ്ട് എല്ലാ ജില്ലകളിലും ജില്ലാ കലക്ടർമാർ ഒരേ തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട് എന്നും അറിയിച്ചു.

വിശദമായ ചർച്ചക്ക് ശേഷം മുഖ്യമന്ത്രി താഴെ പറയുന്ന തീരുമാനങ്ങൾ അറിയിച്ചു.

1. എല്ലാ ജില്ലകളിലും പരിശോധനാ കേന്ദ്രങ്ങൾ ആവശ്യമുണ്ടെന്ന് കേന്ദ്രത്തെ അറിയിക്കണം.

2. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ഫണ്ട് വിദേശത്ത് നിന്ന് തിരിച്ചെത്തുന്നവരെ പൊതു ഐസോലെഷൻ സ്ഥലത്ത് പാർപ്പിക്കുവാനായാണ് നൽകുന്നത്. എന്നാൽ കേരളത്തിന്റെ നയം വ്യത്യാസമാണ്. അതിനാൽ കേരളത്തിനും ആവശ്യമുള്ള ഫണ്ട് അനുവദിക്കണമെന്നും ചീഫ് സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലത്തിലെ കാബിനെറ്റ് സെക്രട്ടറിയോട് പറഞ്ഞതായി യോഗത്തെ അറിയിച്ചു.
3. നിരീക്ഷണ സംവിധാനമുള്ള ആശുപത്രികളുടെ പട്ടിക പരിശോധിക്കണം.
4. ഹോട്ടലുകളിൽ വിദേശികൾ താമസിച്ചതിനാൽ അടച്ചിടുന്ന സാഹചര്യത്തിൽ ജീവനക്കാരോട് വീടുകളിലേക്ക് പോകാൻ നിർദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർ അവിടെ തന്നെ താമസിക്കുന്നതാണ് നല്ലത്.
5. ടൂറിസം മേഖലയെ ഭാവിയിൽ അപകടം വരാത്ത രീതിയിൽ കൈകാര്യം ചെയ്യണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. പരിശോധന നെഗറ്റീവ് ആയാൽ അവർക്ക് തിരിച്ചു പോകാൻ ആകുമോ എന്ന് കേന്ദ്രത്തോട് പരിശോധിക്കാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.
6. ആരാധനാലയങ്ങളിൽ ചടങ്ങുകൾ നടക്കട്ടെ. പക്ഷേ ആളുകൾ കൂടുന്നത് ഒഴിവാക്കണം. ഈ കാര്യത്തിൽ നമുക്ക് പൊതുവായി അഭ്യർഥന നടത്താവുന്നതാണ്. കലക്ടർമാർ ഇതിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം.
7. വീടുകളിൽ ഉള്ളവരെ നിരീക്ഷിക്കാൻ ആളുകളെ നിയോഗിക്കുന്ന സംവിധാനം പൂർണ്ണമായും നടപ്പിലായിട്ടില്ല. ഇത് കൃത്യമായി നടക്കണം. ആരോഗ്യ വകുപ്പിലെ ഒരാൾ, പോലീസിൽ നിന്നും ഒരാൾ, ഒരു പ്രാദേശിക സന്നദ്ധ പ്രവർത്തകൻ എന്നിവർ ഈ സംഘത്തിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തണം. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവർ മറ്റുള്ളവരുമായി സമ്പർക്കം പുലർത്തുന്നതായി കാണുന്നു. ഇത് തടയേണ്ടതുണ്ട്. ആളുകൾ വീടുകളിൽ നിരീക്ഷണത്തിൽ തുടരുന്നത് മറ്റുള്ളവരുടെ സുരക്ഷയ്ക്ക് വേണ്ടിയാണെന്ന് പൊതുജനത്തെ ബോധവൽക്കരിക്കണം.
8. സാനിറ്റൈസറിന്റെ ദൌർലഭ്യം ഉണ്ട്. ഇത് നമ്മൾ കൂടുതൽ ഉത്പാദിപ്പിച്ചു എല്ലാ സ്ഥലത്തും എത്തിക്കേണ്ടതുണ്ട്.
9. ശ്രീ ചിത്രയിലും കൊല്ലത്തും നടന്ന സംഭവങ്ങൾ കാരണം ഡോക്ടർമാരെ കൂട്ടമായി നിരീക്ഷണത്തിൽ ആക്കേണ്ടി വന്നത് ആശുപത്രികളുടെ പ്രവർത്തനത്തെ താളം തെറ്റിക്കാൻ സാധ്യതയുണ്ട്. അത് ശ്രദ്ധിക്കണം.
10. ഇത് സർക്കാർ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള സമയമാണ്. ആയതിന്റെ തിരക്ക് അവിടെയുണ്ട്. അത് ഒഴിവാക്കാനായി അപേക്ഷിക്കാനുള്ള സമയം മൂന്ന് മാസം നീട്ടും.
11. നാടിന്റെ അവസ്ഥ മോശമാകുകയാണ്. കടകൾ അടഞ്ഞു കിടക്കുന്നു. ബസ്സുകൾ ചില സ്ഥലങ്ങളിൽ ഓടുന്നില്ല. ടൂറിസം മേഖലയിൽ നിന്ന് ബാങ്ക് ലോൺ തിരിച്ചു പിടിക്കും എന്നുള്ള നിവേദനങ്ങൾ ലഭിക്കുന്നു. ജാഗ്രത വേണം പക്ഷേ സാധാരണ നിലയ്ക്കുള്ള സാമൂഹിക ജീവിതം തുടരേണ്ടതുണ്ട്.
12. ബസ് ഓടിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് ഇടപെടണം. ടാക്സ് അടയ്ക്കാനുള്ള അവരുടെ സമയം നീട്ടി നൽകാം. മറ്റ് ഇളവുകൾ നൽകുന്ന കാര്യം ഗതാഗത വകുപ്പ് സെക്രട്ടറി പരിശോധിക്കണം.
13. ബാങ്കുകളുടെ യോഗം വിളിക്കണം. മോറട്ടോറിയം നൽകേണ്ടി വരും. തൊഴിൽശാല നടത്താൻ ധനകാര്യ വകുപ്പുമായി ചർച്ച നടത്തണം.
14. മെഡിക്കൽ കോളേജുകളിലെ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഗൗരവമായി പരിഗണിക്കണം.
15. ആളുകൾ കൂടുന്ന എല്ലാ സ്ഥലവും ശുചീകരിക്കണം. അതിന് പ്രാദേശികമായി സംവിധാനമൊരുക്കണം.
16. മെഡിക്കൽ വിദ്യാർഥികൾ രോഗാണു വാഹകരായി മാറുന്നത് തടയാൻ അവർക്ക് അവധി നൽകണം.
17. നിർബന്ധമല്ലാത്ത ശസ്ത്രക്രിയകൾ മാറ്റി വയ്ക്കുന്നത് പരിഗണിക്കാവുന്നതാണ്. കളമശ്ശേരി മെഡിക്കൽ കോളേജിലെ വാർഡുകളിലെ വൃത്തി പരിഗണിക്കണം.

18. മറ്റ് സംസ്ഥാനങ്ങളിൽ തിരിച്ച് വരുന്ന വിദ്യാർഥികൾക്ക് യാത്ര ചെയ്യാൻ ട്രെയിനുകളിൽ പ്രത്യേക ബോഗി അനുവദിക്കണം. പഞ്ചാബ്, ഹൈദരാബാദ് സർവ്വകലാശാലകൾ അടച്ച സാഹചര്യത്തിലാണ് ഈ അവസ്ഥ സംജാതമായിരിക്കുന്നത്.
19. അതിഥി തൊഴിലാളികൾ ജോലി ഇല്ലാത്തത് കൊണ്ട് കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കാൻ പോലിസ് ഇടപെടേണ്ടി വരും.
20. പ്രവർത്തന രഹിതമായ സ്വകാര്യ ആശുപത്രികളുടെ പട്ടിക തയ്യാറാക്കണം.
21. കുടുംബ കോടതികളിൽ അമ്മമാരുടേയും കുട്ടികളുടേയും കൂട്ടങ്ങൾ ഒഴിവാക്കാൻ കേസുകൾ പരിഗണിക്കുന്നത് നീട്ടി വെയ്ക്കാൻ ആലോചിക്കാം.
22. വിവാഹങ്ങളിൽ നൂറ് പേർക്ക് വരെ പങ്കെടുക്കാവുന്നതാണ്. കൂടുതൽ പേർ പങ്കെടുക്കുന്നത് ഒഴിവാക്കണമെന്നും അഭ്യർഥിക്കാം.
23. പൊങ്കാലകളുടെ സമയമാണ്. അത് ഒഴിവാക്കണമെന്നും അഭ്യർഥിക്കാം.
24. പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നത് ഇപ്പോൾ ആരോഗ്യ വകുപ്പാണ്. എല്ലാ വകുപ്പുകളും കൂട്ടമായി ചുമതലകൾ നിർവഹിക്കേണ്ടതുണ്ട്. ഇതിനായി സെക്രട്ടറിമാരുടെ കമ്മിറ്റികൾ ഉണ്ടാക്കാം. ചില സെക്രട്ടറിമാർക്ക് ജില്ലകകളുടെ ചുമതല നൽകാവുന്നതാണ്.
25. നിശ്ചയിച്ച കാര്യങ്ങൾ നടക്കുന്നു എന്ന് ഉറപ്പു വരുത്തണം. ഭക്ഷ്യ സാധനങ്ങളുടെ സ്റ്റോക്കും ഉറപ്പു വരുത്തണം.

യോഗം 7.30 മണിക്ക് അവസാനിച്ചു

---

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹിക നീതി വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ഇന്റെലിജെൻസ്
5. മുഖ്യമന്ത്രിയുടെ സെക്രട്ടറി
6. അഡിഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. അഡിഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റെവന്യൂ
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡിഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതു മരാമത്ത് വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി സെക്രട്ടറി, പൊതു ഭരണം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ട്രാൻസ്പോർട്ട്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, എൽ. എസ്.ജി.
17. സെക്രട്ടറി,ഫിനാൻസ്
18. സെക്രട്ടറി ഊർജ വകുപ്പ്
19. സെക്രട്ടറി, ടൂറിസം വകുപ്പ്
20. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
21. ട്രാൻസ്പോർട്ട് കമ്മീഷണർ
22. മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി
23. മറ്റുള്ളവർ